അഡ്ജൂഡിക്കേഷൻ കോടതിയിൽ കേസു തീരുമാനത്തിനുള്ള കാലതാമസം

*ഫ 0ന്വ. (ഫ 0വ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൊഴിലാളി തർക്കമുണ്ടായി തീരുമാനത്തിനായി അഡ്ജൂഡിക്കേഷൻ കോടതിയിൽ ചെന്നാൽ കേസ് എത്ര മാസംകൊണ്ടവസാനിക്കണമെന്നാണ് നിയമം.

(ബി) അലൂമിനിയം കമ്പനി മാനേജ്മെൻറും അവിടത്തെ സ്റ്റാഫും തൊഴിലാളികളും തമ്മിൽ നടക്കുന്ന അഡ്ജൂഡിക്കേഷൻ ആരംഭിച്ചിട്ട് എത്ര കാലമായി;

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അങ്ങനെ ഒരു കാലാവധി നിയമത്തിൽ ക്ലിപ്തപ്പെടുത്തിയിട്ടില്ല. കഴിയുന്നത്രവേഗം അവസാനിപ്പിക്കണമെന്നുണ്ട്.

(ബി) ഒന്നേകാൽ വർഷം കഴിഞ്ഞു.

അഡ്ജൂഡിക്കേറ്ററെപ്പറ്റിയുള്ള ആരോപണം

*ഫ 0ൻ്റ. (ഫ 0ൻ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലുവാ എഫ്. എ. സി. ടി. മാനേജ്മെൻറും അവിടത്തെ തൊഴിലാളികളും തമ്മിൽ നടക്കുന്ന കേസിൽ അതിലെ അഡ്ജൂഡിക്കേറ്ററെ മാറ്റികിട്ടണമെന്ന തൊഴിലാളിഭാഗത്തുനിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അഡ്ജൂഡിക്കേറ്ററെ മാറ്റി കൊടുത്തോ;

(സി) അഡ്ജൂഡിക്കേറ്ററെപ്പറ്റി ഗുരുതരമായ ആരോപണങ്ങൾ ഉണ്ടായിരുന്നോ;

(ഡി) അവ എന്തെല്ലാം;

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അഡ്ജൂഡിക്കേറ്ററെ മാറ്റി കിട്ടണമെന്ന ആവശ്യപ്പെട്ടിട്ടില്ല. കേസ് തിരുവനന്തപുരത്തു് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൽനിന്നും മാറ്റികിട്ടണമെന്ന ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചില ആരോപണങ്ങൾ ഉണ്ടായിരുന്നു.

(ഡി) കേസ് കാലതാമസപ്പെടുന്നു എന്നും അഡ്ജൂഡിക്കേറ്റർ മാനേജ്മെൻറിനോടു് പക്ഷപാതം കാണിക്കുന്നു എന്നും തൊഴിലാളിഭാഗത്തെ കേസ് തെളിയിക്കുന്നതിനുള്ള സന്ദർഭങ്ങൾ നൽകുന്നില്ലെന്നും മറ്റുമാണ്.

റേഷൻ വിതരണം

*ഫ 0ൻ ര. (ഫ മ) ശ്രീ. കെ. ശാരങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) ഭക്ഷ്യധാന്യറേഷൻ പൂർണ്ണമായി വിതരണം ചെയ്യാത്തപ്പോൾ മാരോ താലൂക്കിന്റെ പലഭാഗത്തും വിവിധ അളവിൽ റേഷൻ വിതരണം നടന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അങ്ങനെയുള്ള വിതരണം നടന്നിട്ടുള്ളതു് ഗവൺമെന്റിന്റെ അറിവോടും സമ്മതത്തോടും കൂടിയാണോ?

(സി) ആണെങ്കിൽ അതിനുള്ള കാരണം എന്തെല്ലാം;

വിദ്യാഭ്യാസവും, തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി. സി) ഉദിക്കുന്നില്ല.

റേഷൻ വിതരണത്തിൽ വ്യത്യസ്ഥത

*ക ൦ ൯ ൪. (ക ക ൪) ശ്രീ. കെ. ശാരങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈയാണ്ടു് സെപ്തംബർ മാസത്തിൽ ഈ സ്റ്റോറിന്റെ തിരുവിതാംകൂർ ഭാഗത്തു പൂർണ്ണറേഷന്റെ ഏതാനുംഭാഗം മാത്രം ഭക്ഷ്യധാന്യം വിതരണം ചെയ്യുകയും അതേ അവസരത്തിൽ കൊച്ചി വിഭാഗത്തു പൂർണ്ണറേഷൻ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈയാണ്ടു് സെപ്തംബർ മാസത്തിൽ ഈ സ്റ്റോറിന്റെ കൊച്ചി വിഭാഗത്തിലെ റേഷൻ വിതരണം തിരുവിതാംകൂർ വിഭാഗത്തെ അപേക്ഷിച്ചു് കൂടുതൽ തൃപ്തികരമായിരുന്നു.

(ബി) സ്റ്റോറിലേക്കു് ആഗസ്റ്റു് മാസത്തിൽ അരികേപാട്ടാ അനുവദിച്ചിരുന്നില്ല. സെപ്തംബർ മാസത്തേക്കു് അനുവദിച്ചിരുന്ന അരികേപാട്ടാ മഴവൻ സമയത്തിനു് വന്നുചേരായ്കയാൽ അതാതു താലൂക്കിൽനിന്നും ഗവൺമെന്റിലേക്കു് എടുത്തിട്ടുള്ള നെല്ലുകൊണ്ടു് വിതരണം നടത്തേണ്ടതായിവന്നു. തിരുവിതാംകൂർ വിഭാഗത്തെ അപേക്ഷിച്ചു് കൊച്ചിയിലെ നെല്ലെടുപ്പു് പലതി കൂടുതൽ വിജയപ്രദമായിരുന്നതിനാലും അവിടെ കൂടുതൽ നെല്ലുണ്ടായിരുന്നതിനാലും അവിടെ റേഷൻ വിതരണം തൃപ്തികരമായി നടത്താൻ സാധിച്ചു. തിരുവനന്തപുരം ഡിസ്ട്രിക്ടിലും ഇതുമാതിരി നെല്ലെടുപ്പു് കൂടുതൽ വിജയപ്രദമായിരുന്നതിനാൽ അവിടെയും റേഷൻ വിതരണം തൃപ്തികരമായിരുന്നു. എന്നാൽ നെല്ലും സ്റ്റോക്കും ഇല്ലാതിരുന്ന തിരുവിതാംകൂർ വിഭാഗത്തിലെ ഏതാനും താലൂക്കുകളിൽ റേഷനിൽ അരിയുടെ ശതമാനം കുറച്ചു് അതുകൂടി ഗോതമ്പായി വിതരണം ചെയ്യേണ്ടതായിവന്നു. എന്നാൽ ഇതുനിമിത്തം റേഷന്റെ മൊത്ത അളവിൽ കുറവു് വന്നിട്ടില്ല.

വരന്തരപ്പിള്ളി മൃഗാശുപത്രി

*ക ൦ ൯ ൯. (ക ക ൯) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ —

വരന്തരപ്പിള്ളി മൃഗാശുപത്രി ചെലവു ചുരുക്കത്തിന്റെ പേരിൽ ഒഴിവാക്കാൻ ആലോചനയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly